# ജലസേചന വകുപ്പ്

ദർഘാസ് നമ്പർ- **8/AEE/MI-CKY/17-18** തിയ്യതി 02.03.2018

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,മൈനർ ഇറിഗേഷൻ
സബ് ഡിവിഷൻ,ചാലക്കുടി

ചാലക്കുടി മൈനർ ഇറിഗേഷൻ സബ് ഡിവിഷന്റെ കീഴിലുള്ള പീലാർമുഴിക്കുളത്തിന്റെയും കുഴിക്കാട്ടുകുളത്തിന്റെയും പുനരുജ്ജീവന പ്രവൃത്തികൾ(ഹരിത കേരള മിഷൻ) - **2** പ്രവൃത്തികൾ

| | |
|---|---|
| ദർഘാസ് വില | - 500/+12% ജി.എസ്.ടി |
| നിരത ദ്രവ്യം | - 2500 |
| ആകെ അടങ്കൽ തുക | - 200000/- |
| ദർഘാസ് വിൽപന | - 07.03.2018 ഉച്ചയ്ക്ക് 1 മണി വരെ |
| പൂരിപ്പിച്ച ദർഘാസ് പ്രമാണങ്ങൾ സ്വീകരിക്കുന്ന അവസാന തിയ്യതി | -12.03.2018 ഉച്ചകഴിഞ്ഞ് 3 മണി വരെ |
| ദർഘാസ് തുറക്കുന്ന തിയതി | -13.03.2018 രാവിലെ 11.00 മണി |

പ്രവൃത്തി തീർക്കേണ്ട കാലാവധി - 1 മാസം

അസിസ്റ്റന്റ് എക്സി.എഞ്ചിനീയറുടെ
കാര്യാലയം, മൈനർ ഇറിഗേഷൻ
സബ് ഡിവിഷൻ, ചാലക്കുടി

അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ
(കേരള ഗവർണ്ണർക്കു വേണ്ടി)

## കേരള സർക്കാർ
## ജലവിഭവവകുപ്പ് (ചെറുകിട ജലസേചന വിഭാഗം)
## ദർഘാസ് പരസ്യം

ദർഘാസ് നമ്പർ **8/AEE/MI-CKY/17-18** തിയ്യതി 02/03/2018

കേരള ഗവർണ്ണർക്കു വേണ്ടി ചാലക്കുടി ചെറുകിട ജലസേചന വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവൃത്തികൾക്ക് നിശ്ചിത യോഗ്യതയുള്ള കരാറുകാരിൽ നിന്നും പ്രവൃത്തിയുടെ പേരെഴുതി മുദ്ര വെച്ച മത്സര സ്വഭാവമുള്ള ദർഘാസുകൾ തപാലിൽ സ്പീഡ് പോസ്റ്റ് ആയി മാത്രം ക്ഷണിച്ചുകൊള്ളുന്നു. തപാലിൽ ഉണ്ടാകുന്ന കാലതാമസത്തിന് ഈ വകുപ്പ് ഉത്തരവാദിയാകുന്നില്ല. ടി ദർഘാസുകൾ താഴെ പറയുന്ന ദിവസം 3.00 മണി വരെ സ്വീകരിക്കുകയും പിറ്റേ ദിവസം 11.00.ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥരോ തൽസമയം ഹാജരായിട്ടുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം അവധിയായിരുന്നാൽ അതിനടുത്തുള്ള പ്രവർത്തി ദിവസം ദർഘാസുകൾ പരിഗണിയ്ക്കുന്നതാണ്. ദർഘാസിന്റെ കാലാവധി അത് സ്വീകരിക്കുന്ന തിയ്യതി മുതൽ 60 ദിവസം വരെ ആയിരിക്കും ദർഘാസ് ഫോറങ്ങളുടെ വിൽപനയും ദർഘാസ് തപാലിൽ സ്വീകരിക്കുന്നതും തുറക്കുന്നതുമായ തിയ്യതികളും താഴെ കാണിച്ചിരിക്കുന്ന പ്രകാരമായിരിക്കും.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും | നിരത ദ്രവ്യം | ദർഘാസ് ഫോറത്തിന്റെ വില | പ്രവൃത്തി തീർക്കേണ്ട കാലാവധി | കരാറുകാരന്റെ ക്ളാസ് |
|---|---|---|---|---|---|---|
| 1 | 44/17-18 | ഹരിതകേരളം മിഷൻ -കോടശ്ശേരി പഞ്ചായത്തിലെ പീലാർമുഴി കുളത്തിന്റെ പുനരുജ്ജീവനം ( 100000/-) | 2500/- | 500 + 12% ജിഎസ്ടി | 1 മാസം | ഡി യും അതിനു മുകളിലും |
| 2 | 45/17-18 | ഹരിതകേരളം മിഷൻ ചാലക്കുടി മുനിസിപ്പാലിറ്റിയിലെ കുഴിക്കാട്ടുകുളത്തിന്റെ പുനരുജ്ജീവനം( 100000/-) | 2500/- | 500 + 12% ജിഎസ്ടി | 1 മാസം | ഡി യും അതിനു മുകളിലും |

ദർഘാസ് പ്രമാണങ്ങളുടെ വിൽപ്പന
തിയ്യതിയും സമയവും - 07.03.2018 ഉച്ചയ്ക്ക് 1 മണി വരെ

പൂരിപ്പിച്ച ദർഘാസ് പ്രമാണങ്ങൾ സ്വീകരിക്കുന്ന
തിയ്യതിയും സമയവും - 12.03.2018 വൈകീട്ട് 3 മണി വരെ

ദർഘാസ് തുറക്കുന്ന തിയ്യതി - 13.03.2018 രാവിലെ 11 മണി

ദർഘാസ് പ്രമാണവും മറ്റു വിശദ വിവരങ്ങളും താഴെ ഒപ്പു വെച്ചിരിക്കുന്ന ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ് .ദർഘാസ് പ്രമാണങ്ങൾ പരസ്പരം കൈമാറാൻ പാടില്ലാത്തതാകുന്നു. ദർഘാസുകളോടൊപ്പം 200 രൂപയുടെ (ഇരുന്നൂറു രൂപ) മുദ്ര പത്രത്തിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയ പ്രാഥമിക ഉടമ്പടി ഒപ്പിട്ടു അടക്കം ചെയ്യേണ്ടതാണ. നിരതദ്രവ്യം ചാലക്കുടി അസിസ്റ്റന്റ്' എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയ്ക്കുള്ളതും അദ്ദേഹത്തിന് ഏതുസമയത്തും മാറത്തക്ക വിധത്തിൽ അധികാരപ്പെടുത്തിയതുമായിരിക്കണം. ദർഘാസിനോടൊപ്പം ദർഘാസ് വാങ്ങിയ രശീതിയും ഉള്ളടക്കം ചെയ്യേണ്ടതാണ്. ശരിയായ വിധത്തിലുള്ള പ്രാഥമിക ഉടമ്പടി യഥാക്രമം പൂരിപ്പിച്ച് അടക്കം ചെയ്തിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം കെട്ടി വെക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്.

ദർഘാസ് ഫോറങ്ങൾ വാങ്ങാൻ ആഗ്രഹിക്കുന്ന കരാറുകാർ ചാലക്കുടി മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കുള്ള അപേക്ഷയോടൊപ്പം ട്രഷറിയിൽ അടച്ച ഫോറത്തിന്റെ വിലയുടെയും ചരക്കു സേവന നികുതിയുടെയും ചലാനുകൾ സമർപ്പിക്കേണ്ടതാണ്.

1991 ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമ നിധി നിയമത്തിലെ (2) വകുപ്പ് അനുസരിച്ച് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ നിർമ്മാണ പ്രവൃത്തിയുടെ മൊത്തം ചിലവിന്റെ 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേക്ക് നൽകുവാൻ ബാധ്യസ്ഥനാണ്.

കേരള പൊതുമരാമത്ത് / ജലസേചന വകുപ്പിലെ ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ വ്യവസ്ഥകളും നിയമാനുസൃതമുള്ള ജി.എസ്.ടിയും ഈ ദർഘാസിനും ബാധകമായിരിക്കും.

ജി.ഒ(എം.എസ്) നമ്പർ 135/97 കോ.ഓപ്പ തിയ്യതി 13/11/1997 ലുള്ള നിബന്ധനകൾക്കും വിധേയമായി മാത്രമേ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങളിൽ നിന്നും ടെണ്ടറുകൾ സ്വീകരിയ്ക്കുകയുള്ളൂ.എം.പി, എൽ.എ.ഡി. പണികൾക്ക് ടെണ്ടർ എക്സസ് അനുവദിക്കുന്നതല്ല.

കരാറുകാർ പിൻ കോഡ് , ഫോൺ നമ്പർ ഉൾപ്പെടയുള്ള അഡ്രസ്സ് രേഖപ്പെടുത്തേണ്ടതാണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
(കേരള ഗവർണർക്കു വേണ്ടി)

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ,
ചാലക്കുടി.